ഭാഗമായി കടുവാ സങ്കേതവുമായി ബന്ധപ്പെട്ട് കോർ ബഫർ ഏരിയകൾ കണ്ടെത്തുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 155.89 ച.കി.മി. സ്ഥലങ്ങൾ കൂടി പുതുതായി ഉൾപ്പെടുത്തി ആകെ 390.89 ച.കി.മി. സ്ഥലം കോർ ഏരിയയായും കോർ ഏരിയയുടെ സമീപത്തുള്ള 252.77 ച.കി.മി. സ്ഥലം ബഫർ ഏരിയയായും 17-12-2009-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ആകെ 643.992 ച.കി.മി. വിസ്തീർണ്ണമുള്ള പറമ്പിക്കുളം കടുവ സംരക്ഷണ കേന്ദ്രത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം 19-2-2010-ൽ ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രി നിർവ്വഹിച്ചു.

(ബി) ഈ കേന്ദ്രത്തിന്റെ മൊത്തം വിസ്തൃതി 643.662 ച.കി.മി. ആണ്. ഇതിൽ 285 ച.കി.മി. (70423 ഏക്കർ) പ്രദേശം നോട്ടിഫൈഡ് സംരക്ഷിത മേഖലയാണ്.

(സി) ഉണ്ട്.

(ഡി) ഈ സങ്കേതത്തിലെ കുരിയാർകുട്ടി ട്രൈബൽ കോളനിയിലെ 174 അംഗങ്ങളടങ്ങുന്ന 118 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ 11.8 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ 2009-ൽ നടത്തിയ കണക്കെടുപ്പ് അനുസരിച്ച് ഈ പ്രദേശത്ത് 8 മുതൽ 15 വരെ കടുവകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ഇ) മേൽപ്പറഞ്ഞ പുനരധിവാസ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ക്ഷേമനിധി പെൻഷൻ

20 (*470) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഏജന്റുമാർക്ക് ക്ഷേമനിധി പെൻഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) ദേശീയ സമ്പാദ്യ പദ്ധതി സംസ്ഥാനത്ത് കഴിഞ്ഞ വർഷം ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദേശീയ സമ്പാദ്യ പദ്ധതി ഫണ്ടിൽ നിന്നും സംസ്ഥാനം എടുത്തിട്ടുള്ള വായ്പയിൽ എത്ര കോടി രൂപ കുടിശ്ശികയുണ്ട് ;

(ഇ) കുടിശ്ശികയ്ക്കുള്ള പലിശ നിരക്ക് എത്രയാണ് ;

(എഫ്) 13-ാം ധനകാര്യ കമ്മീഷൻ പലിശ നിരക്കിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ ക്ഷേമത്തിനായി ഒരു ക്ഷേമ പദ്ധതി നിലവിലുണ്ട്. കൂടാതെ ഏജന്റുമാർക്ക് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ഒരു പെൻഷൻ പദ്ധതിയും നിലവിലുണ്ട്.

(ബി) ഏജന്റുമാർക്ക് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ഒരു പെൻഷൻ പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി കുറേക്കൂടി മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ എൽ.ഐ.സി. യുമായി ചർച്ച ചെയ്തുവരികയാണ്.

(സി) ദേശീയ സമ്പാദ്യ പദ്ധതി സംസ്ഥാനത്ത് കഴിഞ്ഞ വർഷം ലക്ഷ്യം കൈവരിച്ചിട്ടില്ല.

(ഡി) ദേശീയ സമ്പാദ്യ പദ്ധതി ഫണ്ടിൽനിന്നും സംസ്ഥാനമെടുത്തിട്ടുള്ള വായ്പയിൽ താൽക്കാലിക കണക്ക് പ്രകാരം 30-6-2010 വരെ ആകെ 11663.79 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ തിരിച്ചടവ് കൃത്യമായ തവണകളായി നടക്കുന്നുണ്ട്.

(ഇ) ദേശീയ സമ്പാദ്യ പദ്ധതി ഫണ്ടിൽനിന്നും 1999-2000, 2000-2001, 2001-2002, 2002-2003 വർഷങ്ങളിൽ സംസ്ഥാനമെടുത്തിട്ടുള്ള വായ്പക്ക് 10.5 ശതമാനവും 2003-2004 മുതൽ എടുത്തിട്ടുള്ള വായ്പയ്ക്ക് 9.5 ശതമാനവും ആണ് പലിശ നിരക്ക്.

(എഫ്) 2006-2007 സാമ്പത്തിക വർഷംവരെ അനുവദിച്ചിട്ടുള്ളതും 2009-2010 സാമ്പത്തിക വർഷാവസാനം ശേഷിക്കുന്നതുമായ വായ്പാ തുകകളുടെ പലിശ നിരക്ക് നിലവിലുള്ള 10.5 ശതമാനം അല്ലെങ്കിൽ 9.5 ശതമാനത്തിൽ നിന്നും പ്രതിവർഷം 9% ആയി ഏകീകരിക്കണമെന്ന് 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശയിൻമേലുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം സംസ്ഥാന സർക്കാരിന് ഇതുവരെയും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly